പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2787 — 09.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി വാഹനങ്ങൾ

ചോദ്യം
ശ്രീ.സി.മമ്മൂട്ടി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിരത്തുകളിലോടുന്ന കെ.എസ്.ആർ.ടി.സി വാഹനങ്ങൾ ആകെ എത്രയെന്ന വ്യക്തമാക്കുമോ; | (എ) | 27.04.2017-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ 5947 ബസുകളും, കെ.യു.ആർ.ടി.സി.യുടെ കീഴിൽ 679 ബസുകളുമാണ് ഉള്ളത്. ഇതിൽ കെ.എസ്.ആർ.ടി.സി.യുടെ 4854 ബസുകളും കെ.യു.ആർ.ടി.സി.യുടെ 418 ബസുകളും സർവീസ് നടത്തിയിട്ടുണ്ടായിരുന്നു. |
| (ബി) | ഇതിൽ കൃത്യമായി മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ളവ എത്രയെന്നും ഇല്ലാത്തവ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | 27.04.2017-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ 4854 ബസുകൾക്കും കെ.യു.ആർ.ടി.സി.യുടെ 418 ബസുകൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ട്. നിലവിൽ 110 ബസുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അറ്റകുറ്റപണിയിലാണ്. |
| (സി) | പൊതുനിരത്തിലൂടെ യാത്രക്കാരെയും വഹിച്ചുകൊണ്ട് പോകുമ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ കൃത്യമായി ഉണ്ടായിരിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രം ഇതിൽ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ